കുട്ടനാടൻ മേഖലയിൽ സ്രാങ്ക്മാരുടെ നിയമനം

32 (5704) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം മൂന്ന് വർഷം മുമ്പ് സ്രാങ്ക്മാരുടെ വേക്കൻസികളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. ക്ഷണിച്ച അപേക്ഷയിൽ നാളിതുവരെ പരീക്ഷ നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കുട്ടനാടൻ മേഖലയിൽ സ്രാങ്ക്മാരുടെ നിയമനം പി.എസ്.സി. വഴി നടത്താത്തതുമൂലവും പുതിയ ഇരുമ്പ് ബോട്ടുകൾ ഫലപ്രദമല്ലാത്തതു മൂലവും ബോട്ട് യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോട്ട് സ്രാങ്ക് തസ്തികയിൽ നിയമനം നടത്തുന്നതിന്, ജലഗതാഗത വകുപ്പിന്റെ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള അംഗീകൃത കനാൽ ലൈസൻസ്, ബോട്ട് സ്രാങ്ക് തസ്തികയയ്ക്ക് യോഗ്യതയായി നിർദ്ദേശിച്ചുകൊണ്ട് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും, അതുപ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ സൂചിത യോഗ്യതയല്ലാതെ തുറമുഖ ഡയറക്ടർ നൽകുന്ന സ്രാങ്ക് ലൈസൻസ് യോഗ്യതയുള്ളവരും എം.എം.ഡി ലൈസൻസ് ഉള്ളവരും, പി.എസ്.സി.യിൽ അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന്, ടി ലൈസൻസുകൾ യോഗ്യതയായി പരിഗണിക്കാമോ എന്ന് പി.എസ്.സി. 18-9-2008-ൽ ജലഗതാഗത വകുപ്പിനോട് ആരായുകയും, എന്നാൽ ഇതേ സമയത്ത് തുറമുഖ പരിധിക്കുള്ളിൽ ബോട്ട് പ്രവർത്തിപ്പിക്കുന്നതിന് എം. എം. ഡി. ലൈസൻസ് ഉള്ളവർ വേണമെന്ന് ഇതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ള്യു.പി(സി) 24186/05 എന്ന കേസിൻമേൽ 31-8-2005-ൽ ഉണ്ടായ വിധി ന്യായത്തിൻമേൽ അന്തിമ തീർപ്പ് സർക്കാർ തലത്തിൽ എടുത്തതിനുശേഷം ലൈസൻസ് സംബന്ധിച്ച് സർക്കാർ തീരുമാനം വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. പി.എസ്.സി. നിയമനത്തിനുള്ള യോഗ്യതയായി കണക്കാക്കുന്നത് നിലവിലുള്ള സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതയാണെന്നും ആയതിനാൽ പി.എസ്.സി. നോട്ടിഫിക്കേഷനിൽ പറയുന്ന യോഗ്യതകളിൽ മാറ്റം വരുത്തി നിയമനം നടത്തുവാൻ സാധിക്കുകയില്ല എന്ന സർക്കാർ തീരുമാനം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പി.എസ്.സി.യെ. 13-7-2010-ൽ അറിയിച്ചിട്ടുള്ളതുമാണ്. ഇതോടെ സ്രാങ്ക് തസ്തികയിലെ നിയമനം സംബന്ധിച്ച തടസ്സങ്ങൾ മാറിയിട്ടുള്ളതാണ്.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതുമൂലം സ്രാങ്ക് തസ്തികയിലെ കുറവ് പരിഹരിക്കുന്നതിന് കനാൽ ആന്റ് ഫെറി ആക്ടനുസരിച്ച് സ്രാങ്ക് ലൈസൻസ് സമ്പാദിച്ചിട്ടുള്ള യോഗ്യരായ സ്രാങ്ക്മാർക്ക് എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ച് വഴി താത്കാലിക നിയമനം നൽകിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. യോഗ്യതയുള്ള സ്രാങ്ക്മാരെ ഉപയോഗിച്ച് ബോട്ട് ഓടിക്കുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തിയിട്ടുള്ളതിനാൽ യാത്രക്കാർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി സർവ്വീസിൽ നിന്നും മാറ്റുകയെന്ന ഉദ്ദേശ്യത്തോടെയാണ് വകുപ്പ് കൂടുതൽ സുരക്ഷിതത്വമുള്ള സ്റ്റീൽ ബോട്ടുകൾ വാങ്ങിയിട്ടുള്ളത്. പുതിയതായി ലഭിച്ച സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ ഫലപ്രദ മായി സർവ്വീസ് നടത്തുന്നതിന് സാധിക്കുന്നുണ്ട്.

കേരള പ്രസ് അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

33 (5705) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രസ് അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാധ്യമ മേഖലയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ഗവേഷണ പഠനങ്ങളുടെ വിശദാംശം നൽകുമോ ;

(സി) അക്കാദമി, ഗവേഷണ പ്രബന്ധങ്ങളും മാധ്യമ രംഗത്തെ നൂതന പ്രവണതകളെ സംബന്ധിച്ച പഠനങ്ങളും പ്രസിദ്ധീകരിക്കാറുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) അക്കാദമി ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(ഇ) ഏതെല്ലാം മേഖലകളിലെ മികച്ച പ്രവർത്തനത്തിനാണ് മാധ്യമ അവാർഡ് നൽകുന്നത് ; അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള പ്രസ്സ് അക്കാദമിയിൽ ഒരു പുതിയ ഹോസ്റ്റൽ മന്ദിരം പണി യുന്നതിനായി 75 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. സർക്കാർ അനുവദിച്ച് 7 ലക്ഷം രൂപ ഉപയോഗിച്ച് അക്കാദമിയുടെ രണ്ടാം നിലയിലെ തുറസ്സായ ടെറസ്സിൽ മനോഹരമായ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. പുതുതായി എഡിറ്റ് സ്യൂട്ട്, ആർട്ട് സ്റ്റുഡിയോ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. 50 പേർക്ക് ഒരേ സമയം പരിശീലനം നൽകാവുന്ന രീതിയിൽ കമ്പ്യൂട്ടർ ലാബ് പരിഷ്കരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി മുകൾ നിലയിൽ ക്ലാസ്സ്റൂം, സ്റ്റാഫ് റൂം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. അക്കാദമി കോഴ്സുകളിലേക്ക് പെൺകുട്ടികൾ കൂടുതലായി അപേക്ഷിക്കുകയും ഹോസ്റ്റൽ സൗകര്യം ആവശ്യപ്പെടുകയും ചെയ്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly